# IV സബ്മിഷൻ

## (1) തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തങ്കമണി രാജൻ എന്ന സ്ത്രീയുടെ ദുരൂഹമരണം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, തൃക്കുന്നപ്പുഴ പഞ്ചായത്തിലെ ഒൻപതാം വാർഡിൽ മാരാമറ്റത്ത് തങ്കമണി എന്ന സ്ത്രീയെ 2004 നവംബർ മാസം ഒമ്പതിന് രാത്രി അജ്ഞാതരായ അക്രമികൾ ആക്രമിച്ച് വളരെ മാരകമായി പരിക്കേൽപ്പിക്കുകയുണ്ടായി. പത്താം തീയതി നേരം വെളുക്കുമ്പോൾ കാണുന്നത്, ബോധമില്ലാതെ രക്തത്തിൽ കുളിച്ചുകിടക്കുന്ന സ്ത്രീയെയാണ്. സ്വബുദ്ധിയില്ലാത്ത പ്രായമായ ഒരു സ്ത്രീ മാത്രമാണ് ഇവരുടെ കൂടെയുണ്ടായിരുന്നത്. രാവിലെതന്നെ എസ്.പി. അടക്കമുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ സ്ഥലത്തെത്തി അന്വേഷണം ഏറ്റെടുത്തെങ്കിലും നാളിതുവരെ കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അന്വേഷണദ്യോഗസ്ഥൻമാർക്ക് ഒരു തുമ്പും കിട്ടിയിട്ടില്ലെന്ന വിവരമാണ് അറിയാൻ കഴിയുന്നത്. തൃക്കുന്നപ്പുഴ പഞ്ചായത്ത് പ്രദേശത്ത് ഇത്തരത്തിലുള്ള അക്രമ സംഭവവും കൊലപാതകവും ആദ്യത്തേതാണ്. ജനങ്ങളാകെ ഭയചകിതരാണ്, പ്രതിഷേധത്തിലുമാണ്. പഞ്ചായത്ത് പ്രസിഡന്റ് കെ. മോഹനൻ ചെയർമാനും കോൺഗ്രസ്-(ഐ) മണ്ഡലം പ്രസിഡന്റ് കെ. എ. ലത്തീഫ് കൺവീനറുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി നൽകുകയുണ്ടായി. മരിച്ച തങ്കമണി ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരിയായിരുന്നു. അവിടെ മുക്കുപണ്ടംവച്ച് വായ്പ എടുത്തതിന്റെ ഭാഗമായി അവർ പുറത്തു നിൽക്കുകയായിരുന്നു. ആ കേസിന്റെ വാദം തുടങ്ങാനിരിക്കുന്ന സന്ദർഭത്തിലാണ് ഇവർ മരണപ്പെടുന്നത്. ഇതിൽ ഗൗരവമുള്ള പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, കുറ്റവാളികളെ കണ്ടെത്തുന്നതിന് സഹായകരമായ മൊഴിയൊന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ്. അബോധാവസ്ഥയിലാണ് ഈ സ്ത്രീയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത്. പത്താം തീയതി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നു, പതിനാറാം തീയതി മരിക്കുന്നു. ഇവരുടെ കൂടെ താമസിക്കുന്ന സ്ത്രീക്ക് സ്വബുദ്ധിയില്ലാത്തതിനാൽ അവരിൽനിന്നും മൊഴി കിട്ടുന്നില്ല. പോലീസ് നായ ഉൾപ്പെടെ വന്ന് പരിശോധിച്ചു. കാര്യമായ തുമ്പ് കിട്ടിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഇതുവരെ കാര്യമായ പ്രക്ഷോഭമൊന്നും ഉണ്ടായിട്ടില്ല. ജനങ്ങൾ ക്ഷുഭിതരാണ്. ഇക്കാര്യത്തിന് പരിഹാരം ഉണ്ടാക്കാൻ ഗവണ്മെന്റ് തയ്യാറാകണം. ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ഒരു തുമ്പും ഉണ്ടാകാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും ഏജൻസിയെ അന്വേഷണം ഏൽപ്പിക്കുന്നതിനെക്കുറിച്ച് ഗവണ്മെന്റ് പരിശോധിക്കണം. അതാണ് എനിക്ക് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. എല്ലാ വിധത്തിലുള്ള അന്വേഷണവും നടന്നു. സയന്റിഫിക് അസിസ്റ്റന്റ്, വിരലടയാള വിദഗ്ദ്ധർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പോലീസ്നായയെ കൊണ്ടുവന്നു നോക്കി. ഇതുവരെയുള്ള അന്വേഷണത്തിൽനിന്നും കാര്യമായ തെളിവൊന്നും ലഭിച്ചിട്ടില്ല. അന്വേഷണം ശക്തമായ രീതിയിൽത്തന്നെ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വേണമെങ്കിൽ പരിഗണിക്കാം. ഇതുവരെയുള്ള അന്വേഷണത്തിൽ പ്രോഗ്രസ് ഉണ്ടാകാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് കുറേക്കൂടി സമയമെടുത്ത് അന്വേഷണം നടത്തുന്നതിനുള്ള സംവിധാനം വേണമെങ്കിൽ ഉണ്ടാക്കാം. അത് ചെയ്യാൻ തയ്യാറാണ്.

## (2) മലയോര വികസന അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. ഇ. എം. അഗസ്തി: സർ, കേരളത്തിന്റെ വികസന ഭൂപടത്തിൽ ഒറ്റപ്പെട്ടു പോയ കിഴക്കൻ മലയോര പ്രദേശങ്ങളുടെ വികസനത്തെ ലക്ഷ്യമാക്കി മലയോര വികസന അതോറിറ്റി രൂപീകരിക്കുമെന്നും അതുപോലെ തീരദേശ വികസന അതോറിറ്റി ഉണ്ടാക്കുമെന്നും ഐക്യ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നതാണ്. ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്ന നാൾമുതൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും മലയോര വികസന, അതോറിറ്റിയെപ്പറ്റി പറയുന്നുണ്ട്. 2001-ലെ ബഡ്ജറ്റ് മുതൽ എല്ലാ ബഡ്ജറ്റിലും ഒരു കോടി രൂപ നീക്കിവയ്ക്കുന്നുണ്ടെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഫലത്തിൽ ഇന്ന് മലയോര വികസന അതോറിറ്റി നിലവിൽ വന്നിട്ടില്ല. ഈ ബഡ്ജറ്റിൽ മലയോര വികസന അതോറിറ്റി നിലവിൽവന്നു എന്ന് പറയുന്നുണ്ട്. ഈ അതോറിറ്റിയുടെ ഘടനയെന്താണ്; അതിന് എന്ത് സാമ്പത്തിക സ്വാതന്ത്ര്യമുണ്ട്; അതിന്റെ ഭരണ നിർവ്വഹണ സംവിധാനം എന്താണ് ഇതൊന്നും ആർക്കും വ്യക്തമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ 1999-ൽ സെക്രട്ടേറിയറ്റിനുമുമ്പിൽ ഇടുക്കിയിലെ കോൺഗ്രസുകാർ നടത്തിയ ധർണ്ണയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞിട്ടുള്ളതാണ്. ശ്രീ. എ. കെ. ആന്റണിയും പറഞ്ഞിട്ടുള്ളതാണ്, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നാൽ പ്രഥമ പരിഗണന നൽകുന്നത് മലയോര വികസന അതോറിറ്റിക്കും തീരദേശ വികസന അതോറിറ്റിക്കും ആണെന്ന്. പ്രഖ്യാപനങ്ങൾ ആവർത്തിച്ചു എന്നല്ലാതെ മലയോര നിവാസികളുടെ സ്വപ്നം യാഥാർത്ഥ്യമായിട്ടില്ല. അതുകൊണ്ട് മലയോര വികസന അതോറിറ്റി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമാക്കാനാവശ്യമായ നിയമ നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly